പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 289** **09.06.2014-ൽ മറുപടിയ്ക്ക്**

**വലിയ കൊവ്വൽ മൈതാനത്ത് സിന്തറ്റിക് ടർഫ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ നടക്കാവ് വലിയ കൊവ്വൽ മൈതാനം കേന്ദ്രീകരിച്ച് സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിന്, ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിനെ ഏൽപ്പിക്കുകയും ചെയ്തു. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ടെണ്ടർ ക്ഷണിച്ചെങ്കിലും ലഭിച്ച ടെണ്ടറുകളിലെ ന്യൂനതകൾ കാരണം, ടെണ്ടർ പരിശോധന കമ്മിറ്റി പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചു. ഇതിനെ തുടർന്ന് വീണ്ടും ആഗോള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) | റീടെണ്ടർ പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിച്ച്, അർഹനായ കോൺട്രാക്ടർക്ക് പ്രവൃത്തി അനുവദിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ